**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2694** **28-02-2023 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം-തേക്കടി മേഖലയിലെ ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ബാബു (നെന്മാറ)</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പറമ്പിക്കുളം-തേക്കടി മേഖലയിലെ വിവിധ ആദിവാസി കോളനികളിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;</td><td>(എ)</td><td>പറമ്പിക്കുളം - തേക്കടി മേഖലയിലെ വിവിധ ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. തേക്കടി ചെമ്മണാംപതി വനപാത തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കാട് വെട്ടിത്തെളിച്ചു.<br>2. ഒറവൻപാടി കോളനിയിൽ 30 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേനയുള്ള ഭവനനിർമ്മാണം പൂർത്തീകരിച്ചു വരുന്നു.<br>3. തേക്കടി കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിന് കോർപ്പസ് ഫണ്ട് മുഖേന തുക അനുവദിച്ചിട്ടുണ്ട്.<br>4. തേക്കടി ഒറവൻപാടി ചപ്പാത്ത് പാലം നിർമ്മാണം വനം വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്.<br>5. കാടർ വിഭാഗത്തിൽപ്പെട്ട 20 കുടുംബങ്ങളുടെ ഭവന നവീകരണത്തിനായി സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>6. തേക്കടി കോളനികൾക്കായി BSNL മൊബൈൽ ടവർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>2022 നവംബർ മാസം വകുപ്പുമന്ത്രി ആദിവാസി സമൂഹവുമായി നേരിട്ട് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?</td><td>(ബി)</td><td>വിശദാംശം അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ